പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. **2437**

**12.06.2018** ൽ മറുപടിക്ക്

## നിർമ്മാണ മേഖലയിലെ ബുദ്ധിമുട്ടുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | ശ്രീ. എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |

(എ) സംസ്ഥാനത്തെ ചെറുകിട ക്വാറികൾ അടച്ചു പൂട്ടിയതു കാരണം പാറ, മണൽ എന്നിവയ്ക്കു ക്ഷാമവും വിലവർദ്ധനവും നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ സർക്കാർ ഈ വിഷയത്തിൽ സത്വര നടപടികൾ സ്വീകരിച്ചതുമൂലം പാറ, മണൽ എന്നിവയുടെ ക്ഷാമം ഒരുപരിധിവരെ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്.

(ബി) ഇതു മൂലം സർക്കാരിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പദ്ധതികൾ പൂർത്തിയാക്കുവാനുണ്ടാകുന്ന കാലതാമസം പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാൻ ചെറുകിട ക്വാറികൾ തുറന്ന് പ്രവർത്തിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദവിവരം നൽകുമോ?

(ബി) & (സി) 02.12.2016 തീയതിയിലെ ബഹു.സുപ്രീം കോടതിയുടെ ഉത്തരവ് പ്രകാരം ക്വാറികൾ പ്രവർത്തിപ്പിക്കുന്നതിന് പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയിട്ടുള്ളതിനാൽ കരിങ്കല്ലടക്കമുള്ള ധാതുക്കളുടെ ഖനനത്തിന് അനുമതി ലഭിക്കുന്നതിന് കാലതാമസം ഉണ്ടാവുകയും തന്മൂലം സംസ്ഥാനത്തെ കെട്ടിട, റോഡ്, നിർമ്മാണമേഖല നേരിട്ട പ്രതിസന്ധി സർക്കാർ പരിശോധിക്കുകയും ആയത് പരിഹരിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തു.

1. 5-ഹെക്ടറിനു താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാ തലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പരിസ്ഥിതിയാഘാത നിർണ്ണയ അതോറിറ്റി (DEIAA)-യേയും ജില്ലാതല അപഗ്രഥന സമിതി (DEAC) യേയും പ്രവർത്തനക്ഷമമാക്കി.
2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.
3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22.06.2017 ലെ

സ.ഉ(പി) 25/2017/ഐ.ഡി നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുന:സ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തിയിട്ടുമുണ്ട്.

4. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി.
5. തിരഞ്ഞെടുത്ത ഡാമുകളിൽ നിന്നും മണൽ / ചെളി എന്നിവ ശേഖരിച്ച് വിപണനം നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചു.
6. അന്യ സംസ്ഥാനത്ത് നിന്നും / വിദേശത്തുനിന്നും കരിങ്കല്ല്/മണൽ ഇറക്കുമതി ചെയ്യുന്നതിന് വേണ്ട മാർഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.
7. ക്വാറി ഉത്പന്നങ്ങളുടെ വില വർദ്ധിച്ചിട്ടുണ്ട് എന്ന പരാതിയുടെ അടിസ്ഥാനത്തിൽ ജില്ലാ കളക്ടർമാർക്ക് ക്വാറി/ ക്രഷർ ഉടമകളുടെ യോഗം വിളിച്ച് ഉചിത നടപടികൾ എടുക്കുവാൻ നിർദ്ദേശം നൽകി.
8. 09.03.2018 ൽ വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ ജിയോളജിസ്റ്റുമാരുടെ യോഗം വിളിക്കുകയും ഖനനാനുമതി അനുവദിക്കു ന്നതിലെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും നിയമപരമായി അനുമതി നൽകാൻ കഴിയുന്ന എല്ലാ കേസുകളിലും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

Manjul

**സെക്ഷൻ ഓഫീസർ**